പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1967 **26-10-2026-ൽ മറുപടിയ്ക്ക്**

മഞ്ചേരി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ ഉൾപ്പെടുത്തി (2023-24) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഓരോ സ്ഥാപനത്തിനും വകയിരുത്തിയ തുക എത്രയാണെന്നും നിലവിലുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

മറുപടി: പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 2023-2024 വർഷത്തിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക, നിലവിലുള്ള പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഫണ്ട് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികളിൽ പലതും പ്രാരംഭ ഘട്ടത്തിൽ തന്നെ തുടരാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: സ.ഉ(സാധാ) നം.2348/2025/LSGD എന്ന 26.09.2025 ലെ ഉത്തരവ് പ്രകാരമാണ് 2023-24 സാമ്പത്തിക വർഷത്തെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായുള്ള തുക ലഭ്യമായത്. ആയതിന് ശേഷം പ്രസ്തുത പ്രവൃത്തികൾ വിവിധ ഗവ. ഏജൻസികൾക്ക് അലോട്ട് ചെയ്യുകയും, ഏജൻസികളുടെ ഭാഗത്ത് നിന്നുള്ള കാലതാമസവും, സ്ഥലലഭ്യത കുറവും കാരണം സംസ്ഥാനത്തെ വിവിധ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ ടി കാലതാമസം ഒഴിവാക്കി നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കുവാൻ വേണ്ട എല്ലാ നിർദ്ദേശങ്ങളും ഇതിനോടകം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ സംസ്ഥാനതലത്തിൽ എല്ലാ ആഴ്ചകളിലും അവലോകനം നടത്തി, മോണിറ്റർ ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്തതുമൂലം പദ്ധതികൾക്കുള്ള ഫണ്ട് ലാപ്സാകാൻ സാധ്യതയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് നഷ്ടപ്പെടാതിരിക്കാനും പണികൾ വേഗത്തിൽ പൂർത്തിയാക്കാനും അടിയന്തരമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	മാതൃസ്ഥാപനത്തിന്റെ പേര്	നിലവിലെ പുരോഗതി	ഏജൻസി	പ്രവൃത്തിയ്ക്ക് അനുവദിച്ച തുക
1	JAK എപ്പിക്കാട്	FHC എടപ്പറ്റ	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
2	JAK നെന്മിനി	FHC കീഴാറ്റൂർ	നിർമാണ പ്രവർത്തിപുരോഗമിച്ചു കൊണ്ടിരിക്കുന്നു	DNKM	55.5 ലക്ഷം
3	JAK പയ്യപ്പറമ്പ്	FHC പാണ്ടിക്കാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
4	JAK തമ്പനങ്ങാടി	BFHC പാണ്ടിക്കാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
5	JAK പൂളമണ്ണ	FHC പാണ്ടിക്കാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
6	JAK വളരാട്	FHC പാണ്ടിക്കാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
7	JAK കാരക്കുന്ന്	FHC തുക്കലങ്ങാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
8	JAK പേലേപ്രം	FHC തുക്കലങ്ങാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
9	JAK കാരയിൽ	FHC തുക്കലങ്ങാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം
10	JAK ഷാപ്പിൻകുന്ന്	FHC തുക്കലങ്ങാട്	DPR തയ്യാറാക്കികൊണ്ടിരിക്കുന്നു	HLL	55.5 ലക്ഷം